രാത്രി 12 മണി സമയത്താണ് പ്രസവിച്ചത്. പ്രസവിച്ചുകഴിഞ്ഞ ആ സ്ത്രീ ക്ഷീണംകൊണ്ടു മയങ്ങിപ്പോയി. കൂടെവന്ന അമ്മയും മയങ്ങിപ്പോയി. മയക്കം കഴിഞ്ഞു തള്ള കണ്ണു തുറന്നുനോക്കുമ്പോൾ കുട്ടിയെ കണ്ടില്ല. നല്ല ഇരുട്ടായിരുന്നു. അവിടെയെല്ലാം ഓടിനടന്നു നോക്കി. അവസാനം കുട്ടിയുടെ കരച്ചിൽ കേട്ടു ഓടിച്ചെന്നപ്പോൾ ഒരു പട്ടി ഈ കുഞ്ഞിനെ കടിച്ചെടുത്തുകൊണ്ട് പോകുന്നതാണ് കണ്ടത്. ഏതായാലും കുഞ്ഞിന് അപകടമുണ്ടായില്ല. ആ തള്ളയ്ക്ക് പട്ടിയുമായുള്ള മൽപ്പിടുത്തത്തിൽ പരിക്കേൽക്കുകയുംചെയ്തു. അതാണ് സ്ഥിതി. ആ ആശുപത്രിയ്ക്ക് കുതകില്ല. യാതൊരു സംരക്ഷണവുമില്ലാത്ത സ്ഥിതിയാണ്. അതുകൊണ്ട് ഈ ആശുപത്രിയുടെ അറകുറപ്പണികൾ തീർത്ത് ആശുപത്രി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ആശുപത്രിയുടെ അറകുറപ്പണി നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പി. ഡബ്ലിയു. ഡി. അതു ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്ക് ഉൾക്കൊള്ളിക്കുവാൻ കൂടുതൽ പണം ഈ ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ല. അടുത്ത വർഷം കൂടുതൽ പണം ഉൾക്കൊള്ളിച്ചു പണി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാം.

(8) ഖാദി—ഗ്രാമ വ്യവസായത്തൊഴിലാളികളുടെ കൂലിവർദ്ധിപ്പിക്കൽ

ശ്രീ. എ. കെ. പത്മനാഭൻ: സർ, ഖാദി-ഗ്രാമവ്യവസായത്തിലെ ഏകദേശം ഒമ്പതിനായിരത്തോളം വരുന്ന തൊഴിലാളികളിൽ ഭൂരിപക്ഷത്തിനും തുച്ഛമായ കൂലിയാണ് ഇന്നു കിട്ടുന്നത്. 1985—ൽ ഖാദി കമ്മീഷൻ പുതുക്കിയ കോസ്റ്റ് ചാർജ് പ്രകാരം ഇന്നു രണ്ടും മൂന്നും രൂപ പ്രതിദിനം കൂലി കിട്ടുന്ന തൊഴിലാളികളുണ്ട്. അവർക്ക് തൊഴിൽ നിയമങ്ങളൊന്നും ബാധകമല്ല. ക്ഷേമനിധിയില്ല. ലീവില്ല. പെൻഷനില്ല. അതുകൊണ്ട് ഈ ഖാദിതൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിച്ച് അവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കാനും മിനിമം വേജസ് ഏർപ്പെടുത്താനും ക്ഷേമനിധി ഏർപ്പെടുത്താനും നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, 1—4—1985—ൽ പുതുക്കിയ കോസ്റ്റ് ചാർട്ട് പ്രകാരം ഖാദികമ്മീഷന്റെ പുതിയ വേതനം മസ്ലിൻ നൂൽനൂൽപ്പുകാർക്ക് 10 രൂപയും നൂൽ മോഡൽ ചർക്കയിൽ നൂൽ നൂൽക്കുന്നവർക്ക് 7 രൂപയും നെയ്ത്തുകാർക്ക് 12 രൂപയുമാണ്. ഇതു ഖാദികമ്മീഷന്റെ കോസ്റ്റ് ചാർട്ടനുസരിച്ചു അവരാണു പുതുക്കി നിർണ്ണയിക്കുന്നത്. ഖാദി ബോർഡ് ജീവനക്കാർക്കു വേണ്ടിയുള്ള ഒരു ക്ഷേമനിധി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ഖാദി ബോർഡിന്റെ കീഴിലുള്ള ഇരുപത്തയ്യായിരത്തിൽപ്പരം വരുന്ന ആളുകൾക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി, വൈദ്യസഹായം എന്നിവയ്ക്കെല്ലാംകൂടി ഏതാണ്ട് 250 ലക്ഷം രൂപ ആദ്യഘട്ടത്തിലേക്ക് വേണ്ടിവരുമെന്നു കണക്കാക്കപ്പെടുന്നു. 125 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റ് നൽകണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള സമഗ്രമായ പദ്ധതി ഖാദി പ്രസ്ഥാനത്തിൽ ശരിയാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly